# Mathrubhumi

# 23 August 2018

# Kochi, Rajiv Gandhi Sports Center, Relief Items, Collection Center



# നന്മയുടെ പ്രവാഹം...

## രാജീവ് ഗാന്ധി സ്പോർട്സ് സെന്ററിലേക്ക്

**ഔദ്യോഗിക വിഭവ ശേഖരണ കേന്ദ്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്**

**കൊച്ചി** ▸ പ്രളയക്കെടുതിയുടെ ദുരിതം പേറുന്നവർക്കായി സാധന സാമഗ്രികളുടെ ശേഖരണത്തിലും വിതരണത്തിലും കൈ-മെയ് മറന്ന് പ്രവർത്തനവുമായി കടവന്ത്ര രാജീവ് ഗാന്ധി സ്പോർട്സ് സെൻററിലെ ഔദ്യോഗിക വിഭവശേഖരണ കേന്ദ്രം.

ജില്ലാ കളക്ടർ കെ. മുഹമ്മദ് വൈ. സഫീറുള്ള, സ്പെഷ്യൽ ഓഫീസർ എ.പി.എം. മുഹമ്മദ് ഹനീഷ്, എം.ജി. രാജമാണിക്യം, ജാഫർ മാലിക് എന്നിവരുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടെ സഹകരണത്തോടെയാണ് ശേഖരണ കേന്ദ്രം പ്രവർത്തിച്ചത്.

ഓഗസ്റ്റ് 11 മുതൽ പ്രവർത്തനമാരംഭിച്ച ഇവിടെ നിന്ന് ആദ്യഘട്ടത്തിൽ പ്രളയം ദുരിതംവിതച്ച ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, വയനാട് മേഖലകളിലേക്കാണ് ഭക്ഷണപ്പൊതികളും മരുന്നും അയച്ചത്. പ്രവർത്തനം തുടങ്ങി കഴിഞ്ഞ 12 ദിവസമായി 540 ലോറികളിലായി 3,000 ടണ്ണോളം അവശ്യസാധനങ്ങളും മരുന്നുകളും ദുരിതബാധിതർക്ക് എത്തിച്ചതായി കേന്ദ്രീകൃത ശേഖരണ കേന്ദ്രത്തിന്റെ മേൽനോട്ടം വഹിക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയുള്ള സ്പെഷ്യൽ ഓഫീസർ എ.പി.എം. മുഹമ്മദ് ഹനീഷ് പറഞ്ഞു.

ഇതിൽ 650 ടണ്ണോളം എയർ ഡ്രോപ്പിനായി ഹെലികോപ്റ്ററിൽ നൽകി. പ്രളയത്തിന്റെ രൂക്ഷത കുറഞ്ഞതോടെ വീടുകളിലേക്ക് തിരിച്ചെത്തുന്നവർക്ക് വീട് ശുചീകരിക്കുന്നതിനുള്ള വസ്തുക്കളാണ് എത്തിയിരുന്നത്. ഗ്ലൗസ്, ഗം ബൂട്ട്, ക്ലീനിങ് മോപ്പ്, ബ്ലീച്ചിങ് പൗഡറുകൾ, ലോഷനുകൾ, മാസ്കുകൾ, ബക്കറ്റുകൾ എന്നിവ ധാരാളമായെത്തി.

300 വൊളന്റിയർമാരുടെ സഹായത്തോടെയാണ് സാധനങ്ങളുടെ ശേഖരണവും പാക്കിങ്ങും വിതരണവും നിർവഹിച്ചത്. പജനങ്ങളുടെ സൗകര്യാർഥം കടവന്ത്രയിലെ അവശ്യ സാധനങ്ങളുടെ വിതരണം ആലുവ, പറവൂർ താലൂക്ക് ഓഫീസുകളിലേക്കും തൃക്കാക്കര ടൗൺഹാളിലേക്കും മാറ്റിയിട്ടുണ്ട്. റീജണൽ സ്പോർസ് സെന്റർ ആറ് ദുരിതബാധിത ജില്ലകളുടെ റീജണൽ റിലീഫ് സെന്റർ ആയി പ്രവർത്തിക്കും.

അൻപൊടു കൊച്ചി, നാഷണൽ അക്കാദമി ഫോർ പ്രീ റിക്രൂട്ട്മെന്റ് ട്രെയ്നിങ്, എൻ.എസ്.എസ്- എൻ.സി.സി. വൊളന്റിയർമാരും നിരവധി ചലച്ചിത്ര-കായിക താരങ്ങളും പ്രവർത്തനങ്ങളിൽ സഹകരിച്ചു.